പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 36 — 25.04.2017 ൽ മറുപടിയ്ക്ക്

## ഫയൽനീക്കം മനസ്സിലാക്കുന്നതിന് എം.എൽ.എ. മാർക്കുള്ള സംവിധാനം

<table>
<tr><th colspan="2">ചോദ്യം<br>ശ്രീ.മോൻസ് ജോസഫ്</th><th colspan="2">മറുപടി<br>ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി )</th></tr>
<tr><td>(എ)</td><td>സർക്കാർ ഓഫീസുകളിൽ നടപ്പാക്കുന്ന ഇ -ഓഫീസ് സംവിധാനം എം.എൽ.എ. മാർക്കും അനുവദിക്കുന്നത് സംബന്ധിച്ച നയം വ്യക്തമാക്കുമോ;</td><td rowspan="3">(എ) യും (ബി) യും (സി) യും</td><td rowspan="3">പൊതുജനങ്ങൾക്കും എം.എൽ.എ. മാർക്കും ഫയൽനീക്കം സംബന്ധിച്ച വിവരം ലഭിക്കുന്നതിനായി സിറ്റിസൺ ഇന്റർഫേസ് ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. http://eoffice.kerala.gov.in എന്ന URL മുഖാന്തിരം പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ഐ.ഡി യും പാസ്‌വേർഡും ഇല്ലാതെ തന്നെ ഫയൽ നീക്കം സംബന്ധിച്ച വിവരം ലഭ്യമാകുന്നതാണ് . എം.എൽ.എ മാരുടെ ശുപാർശയോടെ നൽകുന്ന പരാതികളും നിർദ്ദേശങ്ങളും സംബന്ധിച്ച ഫയൽ നീക്കങ്ങൾ ഈ സംവിധാനത്തിലൂടെ അറിയുവാൻ സാധിക്കും.<br><br>സെക്രട്ടറിയേറ്റിലെ ഭൂരിപക്ഷം ഫയലുകളും ഇ-ഓഫീസ് സംവിധാനത്തിലൂടെയാണ് കൈകാര്യം ചെയ്യുന്നത് എന്ന സാഹചര്യത്തിലും, ഫയൽ നീക്കങ്ങളുടെ തൽസ്ഥിതി അറിയുവാൻ മേൽ സംവിധാനം പര്യാപ്തമായതിനാലും പുതിയ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലില്ല.</td></tr>
<tr><td>(ബി)</td><td>ഫയൽനീക്കം മനസ്സിലാക്കുന്നതിന് എം.എൽ.എ. മാർക്ക് നിലവിൽ അനുവദിച്ചിരിക്കുന്ന സംവിധാനം വ്യക്തമാക്കുമോ; പുതുതായി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ അറിയിക്കാമോ; ഇവ എന്നത്തേക്ക് നടപ്പിൽവരും എന്ന് വ്യക്തമാക്കുമോ;</td></tr>
<tr><td>(സി)</td><td>എം.എൽ.എ. മാരുടെ ശിപാർശയോടെ നൽകുന്ന പരാതികളുടെ പുരോഗതി അറിയുന്നതിന് എന്തുതരം സംവിധാനമാണ് സർക്കാർ ഒരുക്കിയിരിക്കുന്നത് എന്നറിയിക്കുമോ;</td></tr>
<tr><td>(ഡി)</td><td>എം.എൽ.എ. നൽകുന്ന പരാതികൾക്ക് മന്ത്രിമാർ യഥാസമയം മറുപടി പോലും നൽകാത്ത സാഹചര്യം സർക്കാർ പരിശോധിക്കുമോ?</td><td>(ഡി)</td><td>എം.എൽ.എ മാർ നൽകുന്ന പരാതികൾക്ക് മന്ത്രിമാർ യഥാസമയം മറുപടി നൽകാത്ത സാഹചര്യം വിവരസാങ്കേതിക വിദ്യാ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td></tr>
</table>

സെക്ഷൻ ഓഫീസർ